തെന്മല ഇക്കോ ടൂറിസം പദ്ധതി

97 [650] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വനം വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ടൂറിസം പദ്ധതികൾ നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) തെന്മല ഇക്കോ ടൂറിസം പദ്ധതി വനം വകുപ്പിന്റെ ഭാഗമാണോ ;

(സി) തെന്മലയിലെ മാൻ പുനരധിവാസ കേന്ദ്രവും പരപ്പാർ തടാകത്തിലെ ബോട്ടിംഗും വനം വകുപ്പിന്റെ ഭാഗമാണോ ; ഇതിലെ വരുമാനം ഏത് ഡിപ്പാർട്ടുമെന്റിലാണ് അടയ്ക്കുന്നത് ; ഇവിടെ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ഏത് ഡിപ്പാർട്ടുമെന്റിൽ നിന്നാണെന്ന് വിശദീകരിക്കാമോ ;

(ഡി) മാൻ പുനരധിവാസ കേന്ദ്രത്തിൽ നിന്നും ബോട്ടിംഗിൽ നിന്നും എന്ത് വരുമാനമാണ് വനം വകുപ്പിന് ലഭിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പിന്റെ സഹകരണത്തോടെ പ്രത്യേകം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ് തെന്മല ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്.

(സി) മേൽപ്പടി സൊസൈറ്റി നടത്തിവരുന്ന രണ്ട് ഇക്കോ-ടൂറിസം പ്രൊജക്ടുകളാണ് മാൻ പുനരധിവാസ കേന്ദ്രവും ബോട്ടിംഗും. ഇതിലൂടെയുള്ള വരുമാനം പ്രസ്തുത സൊസൈറ്റിയുടെ പേരിലാണ് അടയ്ക്കുന്നത്. മേൽപ്പടി സൊസൈറ്റിയുടെ വരുമാനത്തിൽ നിന്നാണ് ജീവനക്കാർക്ക് വേതനം നൽകുന്നത്.

(ഡി) സാങ്ച്വറി എൻട്രൻസ് ഫീ ഇനത്തിൽ ഒരാളിൽ നിന്നും 10 രൂപയാണ് വനം വകുപ്പിന് ലഭിക്കുന്നത്.

വനം വകുപ്പ് ഉദ്യോഗസ്ഥർ

98 [651] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി വനം വകുപ്പിന് കീഴിലുള്ള എത്ര ഉദ്യോഗസ്ഥരെ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ പിരിച്ചുവിട്ടിട്ടുണ്ടെന്നും ഇവരുടെ തസ്തികകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) ഐ. എഫ്. എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥർ പ്രസ്തുത കാലയളവിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടെന്നും എത്ര പേർ സസ്പെൻഷനിൽ ആയിട്ടുണ്ടെന്നും എത്ര പേർ തസ്തിക ലഭിക്കാതെ സൂപ്പർ ന്യൂമററിയായി ജോലി ചെയ്യുന്നുണ്ടെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന് കീഴിൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടതിന്റെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

1. ഫോറസ്റ്റ് ഗാർഡ് – 2
2. എൽ. ഡി. ക്ലാർക്ക് – 1
3. ഫോറസ്റ്റർ – 1

(ബി) ഐ.എഫ്.എസ്. കേഡറിലുള്ള 9 ഉദ്യോഗസ്ഥന്മാർ വിജിലൻസ് അന്വേഷണം നേരിടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഐ.എഫ്.എസ്. ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സൂപ്പർ ന്യൂമററി തസ്തികയിൽ 3 ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

നഗരങ്ങളിലെ ചെറുതോടുകളും കുളങ്ങളും മാലിന്യ വിമുക്തമാക്കി സംരക്ഷിക്കാൻ നടപടി

99 [652] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ നദികളും ചെറുതോടുകളും മലിനമാകാതിരിക്കാൻ സർക്കാർ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) നഗരങ്ങളിലെ പുരാതന കുളങ്ങൾ, കാവുകൾ എന്നിവയെ മലിനമാക്കാതെ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജല മലിനീകരണം നിയന്ത്രിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1974-ലെ ജല മലിനീകരണ (നിവാരണ നിയന്ത്രണ) നിയമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നിയമമനുസരിച്ച് ബോർഡ് വ്യവസായശാലകൾക്കും ആശുപത്രി മുതലായ സ്ഥാപനങ്ങൾക്കും നിബന്ധനാ വിധേയമായ അനുമതി പത്രം നൽകിവരുന്നു. പ്രസ്തുത അനുമതി പത്രത്തിൽ പാഴ് ജലത്തിന്റെ പരമാവധി അളവ്, പാഴ് ജലത്തിലെ വിവിധ ഘടകങ്ങളുടെ പരിധി, പാഴ് ജലം ഒഴുക്കേണ്ട സ്ഥലം തുടങ്ങിയവ സംബന്ധിച്ച നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ ബോർഡ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ വ്യവസായശാലകളിലും ആശുപത്രികളിലും മറ്റും പരിശോധന നടത്തുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം നിർണ്ണയിക്കുകയും ഗുണവ്യതിയാനം കാണുന്നപക്ഷം വേണ്ട നിർദ്ദേശങ്ങൾ നൽകുകയും മുൻകരുതൽ നടപടികൾ എടുപ്പിക്കുകയും ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly